**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.257 | 28.01.2019 ൽ മറുപടിക്ക്

## നെന്മാറ നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ബാബു | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ നെന്മാറ നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനം എന്ന് മുതൽ ആരംഭിക്കുമെന്ന് അറിയിക്കാമോ; | (എ) & (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബരോഗ്യ കേന്ദ്രമാക്കി ഉയർത്തുകയും ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നീ ക്രമത്തിൽ അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. 2019 ഫെബ്രുവരി മാസത്തോടുകൂടി ഈ കേന്ദ്രം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നെന്മാറ നിയോജക മണ്ഡലത്തിലെ എലവഞ്ചേരി, വടവന്നൂർ, മുതലമട, അയിലൂർ, പല്ലശ്ശന എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. ഇവിടങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ 2018-19 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എലവഞ്ചേരി, അയിലൂർ എന്നീ കേന്ദ്രങ്ങൾക്ക് 14 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ വടവന്നൂർ, മുതലമട, പല്ലശ്ശന എന്നീ കേന്ദ്രങ്ങൾക്ക് എൻ.എച്ച്.എം. മുഖേന അടിസ്ഥാന സൗകര്യ വികസനത്തിനായി 15.50 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ഇവയ്ക്കു പുറമേ തെരെഞ്ഞെടുക്കപ്പെട്ട എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും ലാബ് സൗകര്യത്തിനായി 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ.വഴി നടന്നു വരുന്നു. |
| (ബി) | ഇതിനായി നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ